# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: info.pol@kerala.gov.in

No.106/PR/PIC/PHQ/18 Date : 24.04.2018

**ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസ് സേനാംഗങ്ങൾക്കെതിരെ നടപടി- കമ്മിറ്റിയെ നിയോഗിച്ചു**

ക്രിമിനൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസ് സേനാംഗങ്ങൾക്കെതിരെ നടപടി ശക്തമാക്കുന്നതിന്റെ ഭാഗമായി ഗുരുതര കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകളിൽ പ്രതി യായവരെ പോലീസ് സേനയിൽ നിന്ന് നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. ഇതിനായി ഡി ജി പി (ക്രൈംസ്) ചെയർമാനായും ഐ ജി (ഇന്റലിജൻസ്), ഡി ഐ ജി (എ പി ബറ്റാലിയൻ), എസ് പി (സെക്യൂരിറ്റി), എസ് പി (എൻ ആർ ഐ സെൽ) എന്നിവർ അംഗങ്ങളുമായുള്ള കമ്മിറ്റിക്ക് രൂപം നൽകി. ഗുരുതര കുറ്റകൃത്യങ്ങളിൽ ( Crimes relating to moral turpitude and grave violence) ഏർപ്പെട്ടവർ നിയമപരിപാലന ഏജൻസിയായ പോലീസ് സേനയിൽ തുടരുന്നതിന്റെ ധാർമികത ചോദ്യം ചെയ്യപ്പെടുകയും വിവാദങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു ണ്ട്. അതിനാൽ അത്തരക്കാർ സർവ്വീസിൽ തുടരുന്നതു സംബന്ധിച്ച് സുപ്രീം കോടതി യുടെയും ദേശീയ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളുടെയും നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ശുപാർശകൾ നൽകാനാണ് കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുള്ളത്. മൂന്നാഴ്ച്ചയ്ക്കുള്ളിൽ ഇക്കാര്യത്തിൽ റിപ്പോർട്ട് നല്കണമെന്നും സംസ്ഥാന പോലീസ് മേധാവി നിർദേശിച്ചിട്ടുണ്ട്.